WEDNESDAY 27/11/2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/11/2024

1. കേരള കാർഷിക സർവകലാശാല തയ്യാറാക്കിയ മലയാളത്തിലുള്ള 'വിള പരിപാലന ശുപാർശകൾ 2024' ൻറെയും കോൾ നിലങ്ങളുടെ അറ്റ്ലസിന്റെയും പ്രകാശനം ഇന്ന് (27.11.2024) രാവിലെ 11 മണിക്ക് സെക്രട്ടറിയേറ്റ് ലയം ഓഡിറ്റോറിയം അസംബ്ലി അനക്സ് ടു യിൽ വച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി പ്രസാദ്, റവന്യൂ വകുപ്പ് മന്ത്രി അഡ്വ.കെ രാജൻ എന്നിവർ നിർവ്വഹിക്കും. ചടങ്ങിൽ കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ.ബി.അശോക് ഐ.എ.എസ് അധ്യക്ഷത വഹിക്കും. കേരളത്തിൻറെ വൈവിധ്യമാർന്ന കാർഷിക പാരിസ്ഥിതിക മേഖലകളിലെ കാർഷിക വിളകളിൽ അനുവർത്തിക്കേണ്ട പരിപാലനമുറകളെക്കുറിച്ച് കേരള കാർഷിക സർവകലാശാല പുറത്തിറക്കിയ പാക്കേജ് ഓഫ് പ്രാക്ടീസസ്- ക്രോപ്സ് - 2024 എന്ന പുസ്തകത്തിൻറെ മലയാള പരിഭാഷയാണ് 'വിള പരിപാലനശുപാർശകൾ 2024'. അത്യുൽപാദനശേഷിയുള്ള വിള ഇനങ്ങളെ കുറിച്ചും സുസ്ഥിര വിള പരിപാലന മുറകളെ കുറിച്ചും മാലിന്യ സംസ്കരണത്തെക്കുറിച്ചും കാർഷിക യന്ത്രവൽക്കരണത്തെക്കുറിച്ചും നൂതനമായ കാഴ്ചപ്പാടുകൾ ഈ പുസ്തകം വിശദീകരിക്കുന്നു കർഷകന് എളുപ്പത്തിൽ മനസ്സിലാകുന്ന ഭാഷ ഉപയോഗിക്കുന്നതിനാൽ കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും അത് സുസ്ഥിരമായി നിലനിർത്തുന്നതിനും വേണ്ട വിവരങ്ങൾ കർഷകരിൽ എത്തുന്നതിന് ഇത് സഹായകരമാകും. കേരളത്തിൽ കൃഷി ചെയ്യുന്ന പ്രധാന വിളകളുടെ മികച്ച ഇനങ്ങളെ കുറിച്ചും അതിന്റെ കൃഷി രീതികളും പ്രവർധന മാർഗ്ഗങ്ങളും വളപ്രയോഗവും കീട രോഗ നിയന്ത്രണോപാധികളും വിശദീകരിക്കുന്നതാണ് ഈ പുസ്തകം . 49 പുതിയ ഇനങ്ങളും 150 പുതിയ ശുപാർശകളും ഈ പതിപ്പിൽ ചേർത്തിട്ടുണ്ട്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. രാജ്യത്തെ ഏറ്റവും വലിയ ഗ്ലോബൽ ലൈവ്സ്റ്റോക്ക് എക്സിബിഷൻ 2024 ഡിസംബർ 20 മുതൽ 29 വരെ വയനാട് ജില്ലയിലെ പൂക്കോട് വെറ്ററിനറി സർവ്വകലാശാലയിൽവച്ച് സംഘടിപ്പിക്കുന്നു. കന്നുകാലി-ക്ഷീര കാർഷിക, ഓമന, മറ്റു മൃഗ പരിപാലന മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കൊണ്ട് യുവജനതയെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും, ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ നൂതന മൃഗ സംരക്ഷണ പരിപാലന രീതികൾ സാധ്യമാക്കുക തുടങ്ങിയ ാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്. ക്ഷീര- കന്നുകാലി, വളർത്തുമൃഗ മേഖലയുടെ സമഗ്ര വികസനവും ഉൽപാദനക്ഷമതയും ലക്ഷ്യമിട്ട് രാജ്യത്ത ഏറ്റവും വലിയ കോൺക്ലേവാണ് പൂക്കാട് വെറ്ററിനറി കോളേജിൽ സംഘടിപ്പിക്കുന്നത്. മൂല്യ വർധിത ഉൽപ്പന്നങ്ങളെ കുറിച്ചും വളർത്തു മൃഗങ്ങൾ, പൗൾട്രി, ഡയറി- അക്വാഫാമിംഗ് എന്നീ വിഭാഗങ്ങളിലെ ഏറ്റവും പുതിയ അറിവുകൾ, മാറിവരുന്ന സാങ്കേതികവിദ്യകൾ എന്നിവയെക്കുറിച്ച് മനസിലാക്കാനുള്ള ഒരു മികച്ച വേദിയാകും കോൺക്ലെവ്. ഇതിന്റെ ഭാഗമായി 2 ലക്ഷം ചതുരശ്രയടി വിസ്ത ീർണത്തിൽ വളർത്തുമൃഗങ്ങൾ, കന്നുകാലികൾ, ഡയറി ഫാമിംഗ്, അക്വഫാമിംഗ്, പൗൾട്രി എന്നിവയുടെ സ്റ്റാളുകളും വിവിധ എക്സ്പോകളും ഒരുക്കും. മൃഗസംരക്ഷണത്തെക്കുറിച്ചും മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണന സാധ്യതകളെക്കുറിച്ചും വിദഗ്ധർ നയിക്കുന്ന സെമിനാറുകൾ, ശിൽപശാലകൾ എന്നിവയും കോൺക്ലേവിൽ നടക്കും.

3. ഉത്തരമേഖലാ കാർഷിക ഗവേഷണ കേന്ദ്രം 2025 ജനുവരി 1 മുതൽ 20 വരെ നടത്തുന്ന ഫാം കാർണിവലിൽ വിവിധ വിഷയങ്ങളിൽ പരിശീലന സെമിനാറുകൾ നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ 8075659289 എന്ന ഫോൺ നമ്പരി ൽ ബന്ധപ്പെടുക.

4. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാല ആൻഡ് ഷിപ്പ് മണ്ണുത്തിയിൽ ആട്ടിൻപാൽ രാവിലെ 10 മണി മുതൽ 10.30 മണി വരെ വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ രാവിലെ 10 മണിക്ക് മുൻപായി ഫാമിൽ എത്തിച്ചേരേണ്ടതാണ് കൂടുതൽ വിവരങ്ങൾക്ക് 0487 2961100 എന്ന ഫോൺ നമ്പറിൽ വിളിക്കേണ്ടതാണ്.

5. റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസിൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ ഗ്രാജുവേറ്റ് ട്രെയിനികളെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അഭിമുഖം (വാക്ക് ഇൻ ഇന്റർവ്യൂ) നടത്തുന്നു. അപേക്ഷകർക്ക് 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെ കൊമേഴ്സിൽ ബിരുദവും കംപ്യൂട്ടറിൽ പ്രാവീണ്യവും ഉണ്ടായിരിക്കണം. 2024 ഒക്ടോബർ -01 ന് 30 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ കോട്ടയത്ത് പുതുപ്പള്ളിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്, ഡയറക്ടർ മുമ്പാകെ 2024 ഡിസംബർ 05-ന് രാവിലെ 10 മണിക്ക് വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക.

6. തൃശ്ശൂർ ജില്ലയിൽ പ്രധാന മന്ത്രി മത്സ്യ സമ്പദ്‌യോജന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന ബയോഫ്ലോക് കുളത്തിലെ (ഓരുജലം) മത്സ്യകൃഷി പദ്ധതിയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ എല്ലാ മത്സ്യഭവനുകളിലും ലഭിക്കും. മിനിമം 25 സെൻ്റിന് 18 ലക്ഷം രൂപ. താൽപര്യമുള്ളവർ പൂരിപ്പിച്ച അപേക്ഷയോടൊപ്പം അനുബന്ധ രേഖകൾ സഹിതം അതാത് യൂണിറ്റ് ഓഫീസുകളിൽ (അഴിക്കോട്/ പീച്ചി/ ചേറ്റുവ/ ചാലക്കുടി/ നാട്ടിക/ ചാവക്കാട്/ കേച്ചേരി/ വടക്കാഞ്ചേരി/ ഇരിങ്ങാലക്കുട) നവംബർ 28 ന് വൈകീട്ട് 4 നു മുമ്പായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9746595719 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. റബ്ബർപാലിലെ ഉണക്കറബ്ബറിന്റെ അംശം (ഡി.ആർ.സി.) തിട്ടപ്പെടുത്തൽ, കുടിവെള്ളത്തിന്റെ ഗുണമേന്മാപരിശോധന, ജൈവ-രാസവളങ്ങളുടെ പരിശോധന, വിപണനത്തിനുള്ളള റബ്ബറിന്റെ ഗുണമേന്മാപരിശോധന തുടങ്ങി റബ്ബർബോർഡിന്റെ സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി നൽകുന്ന സേവനങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് 2024 നവംബർ 28 -ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിന്റെ സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിലെ സൂപ്പർവൈസർ സാജു പി.എം. മറുപടി പറയും. കോൾസെന്റർ നമ്പർ 0481 2576622.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം